# പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 04712727379 **email : obcdirectorate@gmail.com**


**BCDD/A3/ 974 /15(2)** തീയതി : 29.06.15

//ഭരണഭാഷ - മാതൃഭാഷ//

ഡയറക്ടർ

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ
14 ജില്ലകളിലേക്കും

സർ,

വിഷയം:- പിന്നാക്ക സമുദായ വികസനം- ഒ.ഇ.സി വിഭാഗം വിദ്യാർത്ഥി കൾക്കുള്ള ലംപ്സം ഗ്രാന്റ് വിതരണം സംബന്ധിച്ച്.

സൂചന:- 1) സ.ഉ.(സാധാ) നം 51/2015/പിസവിവ തീയതി- 29.06.2015
2) ഈ ആഫീസിലെ 29.06.2015 ലെ ഇതേ നമ്പർ നോട്ടിഫിക്കേഷൻ

മേൽ വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. നടപ്പു വർഷം മുതൽ പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന ഒ.ഇ.സി വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് വിതരണം നടത്തുന്നതിന് അനുമതി നൽകി സൂചന 1 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ സർക്കാർ/എയ്ഡഡ്/അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെയും പ്രധാനാധ്യാപകർ അർഹരായ വിദ്യാർത്ഥികളുടെ വിവരങ്ങൾ **www.scholarship.itschool.gov.in** എന്ന വെബ്സൈറ്റ് മുഖേന പിന്നാക്ക സമുദായ വികസന വകുപ്പിന് ലഭ്യമാക്കേണ്ടതുണ്ട്. അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ പ്രകാരം ഓരോ സ്ഥാപനത്തിലേയും വിദ്യാർത്ഥികൾക്ക് ആവശ്യമായ തുക സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്ക് അക്കൗണ്ടിലേക്ക് ഇ ട്രാൻസ്ഫർ ചെയ്യുന്നതാണ്. അൺ എയ്ഡഡ് സ്ഥാപനങ്ങൾ ഓൺലൈനിൽ എന്റർ ചെയ്യുന്ന ഡാറ്റ ബന്ധപ്പെട്ട **DEO/AEO** മാർ **10.08.2015** നകം **CONFIRM** ചെയ്യേണ്ടതാണ്. എൽ.പി/യു.പി സ്കൂളുകളുടെ വിവരങ്ങൾ **AEO** യും ഹൈസ്കൂളുകളിലെ വിവരങ്ങൾ **DEO** യും ആണ് **CONFIRM** ചെയ്യേണ്ടത്.

പ്രധാനാധ്യാപകരും, ഡി.ഡി, ഡി.ഇ.ഒ, എ.ഇ.ഒ എന്നിവരും സമ്പൂർണ്ണയിലെ അതേ യൂസർ ഐഡി, പാസ് വേർഡ് എന്നിവ ഉപയോഗിക്കേണ്ടതാണ്. ഇനിയും യൂസർ ഐ.ഡിയും പാസ്സ് വേർഡും കരസ്ഥമാക്കാത്ത അൺഎയ്ഡഡ് സ്ഥാപനങ്ങൾ ഐ.ടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരിൽ നിന്നും ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. സൂചന 1 , 2 എന്നിവയുടെ പകർപ്പുകൾ ഇതോടൊപ്പം ചേർക്കുന്നു. ആയവ എല്ലാ **DEO/AEO** മാർക്കും സർക്കാർ/എയ്ഡഡ്/അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലേയും പ്രധാനാദ്ധ്യാപകർക്കും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും, നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ സമയബന്ധിതമായി പാലിക്കുന്നതിന് നിർദ്ദേശം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് താങ്കളുടേയും സഹപ്രവർത്തകരുടേയും ആത്മാർത്ഥമായ സഹകരണം ഉണ്ടാവണമെന്ന് കൂടി അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ

പകർപ്പ് :

1) എല്ലാ വിദ്യാഭ്യാസ ഡി.ഇ.ഒ,/എ.ഇ.ഒ മാർക്കും (E mail മുഖേന)
2) എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.റ്റി @ സ്കൗൾ